## അടിയന്തര പ്രമേയം

### നിലമ്പൂർ വനഭൂമി ഏറ്റെടുക്കൽ

മി. സ്പീക്കർ : പരിസ്ഥിതി ദുർബ്ബല പ്രദേശമായ നിലമ്പൂർ നോർത്ത് വനം ഡിവിഷനിലെ ചാലിയാർ തീരത്ത് 1164 ഏക്കർ നിബിഡവനം പൊതു ലേലത്തിലേയ്ക്ക് വരെ എത്തിയിട്ടും സർക്കാർ നിസ്സംഗത തുടരുന്നതിനാൽ ഭൂമി നഷ്ടപ്പെടാനുള്ള സാഹചര്യം ഉണ്ടായത് സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. രാജു, പി. ശ്രീരാമകൃഷ്ണൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : സർ, നിലമ്പൂർ നോർത്ത് വനം ഡിവിഷനിലെ 1650 ഏക്കർ സ്ഥലം കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്നുവെന്ന് പത്ര ത്തിൽ ഒരു പരസ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ് മാധ്യമങ്ങളിൽ വാർത്ത വരികയും ഈ പരസ്യം വന്നതോടുകൂടി വനം വകുപ്പിന്റെ ശ്രദ്ധ യിൽ വരികയും ചെയ്തത്. ഇത് തികച്ചും വനഭൂമിയാണ്. 1650 ഏക്കർ സ്ഥലം വന ഭൂമി തന്നെയാണ്. ഇക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. 1971-ൽ വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം ഈ സ്ഥലം ഏറ്റെടുത്തതാണ്. ഈ സ്ഥലം നിലമ്പൂർ കോവിലകം അവരുടെ അവകാശത്തിൽപ്പെട്ടതാണെന്നു പറഞ്ഞ് കേസ് കൊടുത്തു. ഈ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതി നടത്തുകയും അവരുടെ കൈവശമുള്ള തൊഴിച്ച് വനം വകുപ്പിന്റെ കൈവശമുള്ള 1161 ഏക്കർ 31 സെന്റ് സ്ഥലം അവർക്ക് വിട്ടുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഈ വിധി വന്നതിനുശേഷം അവ രുടെ കുടുംബത്തിലുണ്ടായ വഴക്കിനെ തുടർന്ന്, ഒരു കുടുംബാംഗത്തിന് ഏതാണ്ട് എട്ട് ഏക്കറിലധികം കിട്ടുമെന്നുള്ള നിലയിൽ തർക്കം വന്നു. അവർ വനം വകുപ്പിൽനിന്നും ഈ സ്ഥലം ഏറ്റെടുക്കാൻ തയ്യാറായില്ല. അവർ അത് ഏറ്റെടുക്കാതെ പോയി. പിന്നീട് കുടുംബ വഴക്കുകൾ തീർത്ത് ഇവർ സെറ്റിൽമെന്റുണ്ടാക്കി. ഇതൊരു നിബിഡവനമാണ്. യാതൊരു വിധത്തിലുള്ള പ്ലാന്റേഷനുമല്ല. പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതും വൈൽഡ് ലൈഫ് ഉള്ളതുമായ നിബിഡവനം ആയതുകൊണ്ടും 2000-ൽ ഇ.എഫ്.എൽ. ആക്ട് പ്രകാരം വന ഭൂമിയാക്കി മാറ്റുകയും വനം വകുപ്പി ന്റേതായ റിസർവ്വ് ഫോറസ്റ്റ് സ്റ്റാറ്റസിലേയ്ക്ക് കൊണ്ടുവരികയും

Uncorrected / Not for Publication

ചെയ്തതാണ്. ഇതിനുശേഷം ഇതെല്ലാം മറച്ചുവച്ചുകൊണ്ട് മദ്രാസിലെ ഏതോ ഒരു ട്രസ്റ്റിനുവേണ്ടി ഈ കുടുംബാംഗങ്ങൾ ഇത് വിൽപ്പന ചെയ്യാൻ കരാർ ഒപ്പുവച്ചു. ഈ കരാർ ഉറപ്പിച്ചത് വനം വകുപ്പിനെയോ മറ്റ് ആരേയും അറിയിക്കാതെയാണ്. ഈ കരാർ അനുസരിച്ച് സ്ഥലം കൊടുക്കാനിരിക്കെ ഉറപ്പിച്ചതിനേക്കാൾ കൂടിയ തുക കൊടുക്കാൻ തയ്യാറായി തിരുവനന്തപുരത്തുള്ള ഒരു ട്രസ്റ്റ് വന്നുവെന്ന് പറയുന്നു. ഇത് നമുക്ക് നേരിട്ട് അറിവുള്ളതല്ല. പക്ഷേ അത്തരത്തിൽ വരികയും ഇവർ ഇത് മറിച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ അഡ്വാൻസ് വാങ്ങിയ പണം തിരിച്ചുകൊടുത്തില്ല. ഇതിനെതിരെ മദ്രാസിലുള്ള കക്ഷിയും നിലമ്പൂർ കോവിലകക്കാരും തമ്മിൽ ഒരു കേസ് നടന്നു. ആ കേസ്സിൽ വനം വകുപ്പിനെ കക്ഷി ചേർക്കുകയുണ്ടായില്ല. വനം വകുപ്പ് ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച റിസർവ്വ് വനമാണെന്ന രേഖകളെല്ലാം ഒളിച്ചുവച്ചുകൊണ്ട് കോടതിയിൽ കേസ് നടത്തിയപ്പോൾ പണം വസൂലാക്കിക്കൊടുക്കുന്നതിനാണ് ബഹുമാനപ്പെട്ട കോഴിക്കോട് കോടതി ഈ സ്ഥലം ലേലം ചെയ്ത് ഇവർക്ക് പണം കൊടുക്കേണ്ടതാണെന്ന തീരുമാനം കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചത്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിസീവർ നൽകിയ പരസ്യമാണ് പത്രത്തിൽ വന്നത്. ഒരു ആശങ്കയ്ക്കും വകയില്ല, ഇത് ഒരു കാരണവശാലും ഒരു വ്യക്തിക്കും തിരികെകൊടുക്കാൻ കഴിയുന്ന വനമല്ല. ഇതാണ് ഗവൺമെന്റിന്റെ നിലപാട് ഇത് പരിപൂർണ്ണമായി നിബിഡവനവുംവന്യജീവികൾ സഞ്ചരിക്കുന്ന, വന്യ ജീവികളാൽ നിറഞ്ഞതുമായ നിബിഡവനമാണ്. ഇത് വനം വകുപ്പിന്റെ സ്വത്തുതന്നെയാണ്. ഇത് ലേലം ചെയ്യാൻ ഒരു നടപടിയുമെടുക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽ ഇക്കാര്യം

കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. പത്ര പരസ്യം വന്ന ഉടൻതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം കോഴിക്കോട് കളക്ടർക്ക് നൽകിയിട്ടുണ്ട്. അതുകൂടാതെ എ.ജി.-യുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഉദ്യോഗസ്ഥർ വിശദമായ ഫാക്ട്സ് തയ്യാറാക്കി ഈ ഉത്തരവ് സ്റ്റേ ചെയ്തുതരണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയോട് ആവശ്യപ്പെടാനുമുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

<u>ശ്രീ. കെ. രാജു</u> : സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഒരു കാര്യം സമ്മതിച്ചുകഴിഞ്ഞു. ഇത് വനഭൂമിയാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സമ്മതിച്ച സാഹചര്യമാണ്. അസന്നിഗ്ദ്ധമായി അദ്ദേഹം ഇത് വനഭൂമിയാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ എനിക്ക് പറയാനുള്ളത്, സഭ ഇത്തരം വിഷയങ്ങൾ സജീവമായിതന്നെ ചർച്ച ചെയ്യണമെന്നാണ്. പരിസ്ഥിതി സംരക്ഷിക്കാനും നമുക്ക് ശുദ്ധജലം ലഭിക്കാനും ആവശ്യമായ ശുദ്ധ വായു ലഭിക്കാനും വനസമ്പത്ത് സംരക്ഷിക്കണം. അത് ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ മാത്രം ആവശ്യമല്ല. ജനങ്ങളുടെ മുഴുവൻ നിലനിൽപ്പിന്റെ വിഷയമാണ്. സസ്യജാലങ്ങളുടേയും ജന്തുക്കളുടേയുമെല്ലാം നിലനിൽപ്പിന്റെ വിഷയമാണ്. വളരെ ഗുരുതരമായ വീഴ്ചയാണ് ഗവൺമെന്റ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നശേഷം ഹൈക്കോടതിയിലും കീഴ്കോടതിയിലുമടക്കം വന്നിട്ടുള്ള കേസ്സുകൾ പരിശോധിച്ചാൽ ഭൂരിപക്ഷം കേസ്സുകളും തോൽക്കുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. ആ സാഹചര്യം പ്രത്യേകം പരിശോധിക്കണം. 1163 ഏക്കർ വനഭൂമി ലേലത്തിന് വച്ചിരിക്കുകയാണ്. കഴിഞ്ഞ നവംബർ മാസം 14-ാം തീയതി കോഴിക്കോട് ഫസ്റ്റ് അഡീഷണൽ സബ്കോടതിയുടെ ഒരു വിധി വന്നു. അന്ന് ലേലത്തിന്

വച്ചിരുന്ന ഈ കേസ്സിൽ ജഡ്ജ്മെന്റ് ഡബ്റ്റർ ഹാജരായി പറഞ്ഞു, ഒരു തുക കിട്ടാനുള്ള സാധ്യതയുണ്ട്, തിരുവനന്തപുരത്തെ ഒരു പ്രൈവറ്റ് ട്രസ്റ്റ് കൂടുതൽ തുക തന്ന് ഏറ്റെടുക്കാൻ അവർ തയ്യാറാണ് അറിയിച്ചിരിക്കുക യാണ്. 30 കോടി രൂപ, നേരത്തെ തീരുമാനിച്ചത് അതിന്റെ പകുതി ആയി രുന്നുവെങ്കിൽ ഇപ്പോൾ 30 കോടി രൂപയാണ്, അതുകൊണ്ട് കേസ്സ് മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഫസ്റ്റ് അഡീഷണൽ കോടതി ആ കേസ് അടുത്ത ഓഗസ്റ്റ് മാസം 18-ന് വച്ചിരിക്കുകയാണ്. ഓഗസ്റ്റ് 18-ന് ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കപ്പെട്ട ഈ വനഭൂമി ലേലത്തിന് വച്ചിരിക്കുകയാണ്. ഇത്രയുമൊക്കെ സംഭവവി കാസങ്ങളുണ്ടായിട്ടും വനം വകുപ്പോ സർക്കാർ വക്കീലോ അവിടെ ഹാജരായില്ല. വനം വകുപ്പിന്റെ വക്കീലിനെ ഉപയോഗിച്ച് ഇത് ഇ.എഫ്. എൽ. പ്രകാരം നോട്ടിഫൈ ചെയ്ത വനഭൂമിയാണ്, അതുകൊണ്ട് അത് അറ്റാച്ച് ചെയ്യുന്ന നടപടികളുമായി മുന്നോട്ട് പോകുവാൻ പാടില്ല, അല്ലെ ങ്കിൽ ലേല നടപടികൾ നിർത്തിവയ്ക്കണം എന്നാവശ്യപ്പെടാൻ ഫോറസ്റ്റ് വകുപ്പിന്റെ ഒരു കുഞ്ഞും അവിടെ ഹാജരുണ്ടായിരുന്നില്ല. വനം വകുപ്പ് നിയോഗിച്ച വക്കീൽ അല്ലെങ്കിൽ സർക്കാർ വക്കീൽ എങ്കിലും ഹാജരായി ഇത് ഇ.എഫ്.എൽ. ആണെന്ന് സൂചിപ്പിച്ചിരുന്നെങ്കിൽ തീർച്ചയായും കോടതി ലേലനടപടികളുമായി മുന്നോട്ട് പോകില്ലായിരുന്നു. ഈ ദു:സ്ഥിതി ഇവിടെ ആവർത്തിക്കപ്പെടുകയാണ്. വനം മാഫിയയ്ക്ക് കൂട്ടു നിൽക്കുന്ന ഒരു സ്ഥിതിയാണ് ഇവിടെയുള്ളത്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഒരു നിലപാട് ഇവിടെ പ്രഖ്യാപിച്ചു. ആ നിലപാടിന് നേരെ വിരുദ്ധമായ സമീപനം ഗവൺമെന്റിന്റെ ചീഫ് വിപ്പ് സ്വീകരിക്കുന്നു. അതല്ലേ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്? തിരുനെല്ലി എസ്റ്റേറ്റുമായി

ബന്ധപ്പെട്ട് നടന്ന സംഭവങ്ങൾ നമുക്കറിയാം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സർക്കാരിന്റെ നിലപാട് ഇവിടെ പ്രഖ്യാപിക്കുന്നു. ഗവൺമെന്റ് ചീഫ് വിപ്പ് തന്നെ സർക്കാർ പ്രഖ്യാപിച്ച നയത്തിന് എതിരായുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു, മന്ത്രിക്ക് എതിരായി ആരോപണം നടത്തുന്നു, പത്ര സമ്മേളനം നടത്തുന്നു, വെല്ലുവിളി നടത്തുന്നു. ചീഫ് വിപ്പ് ഗവൺമെന്റിന്റെ കേസ് തോൽപ്പിക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നു. അതുപോലെയുള്ള ഗൂഢാലോചനയാണ് ഇക്കാര്യത്തിലും നടന്നിട്ടുള്ളത്. സർക്കാർ വക്കീൽ ഹാജരാകാതെ, വനം വകുപ്പ് അനങ്ങാതെ, ഒരു വാക്കുപോലും പറയാതെ ഈ കേസ്സിൽ അനുകൂലമായ ഒരു വിധി ബന്ധപ്പെട്ടവർക്ക് ഉണ്ടാകട്ടെ എന്നുള്ള ഗൂഢാലോചനയുടെ ഭാഗമാണ് ഇവിടെ നടന്നിട്ടുള്ളത്. നെല്ലിയാമ്പതി കേസ്സുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. ഒരു പുതിയ കമ്മീഷനെ വച്ചിരിക്കുന്നു. നിയമസഭയിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് തന്നതാണ്. ആ പ്രഖ്യാപിച്ച കാര്യത്തെ സംബന്ധിച്ച് വീണ്ടും യു.ഡി.എഫ്. അന്വേഷിക്കണോ? നിയമപരമായ നടപടികളെടുക്കുന്ന കാര്യത്തെ സംബന്ധിച്ച് യു.ഡി.എഫ്. അന്വേഷിക്കുന്നത് എന്തിനാണ്? കോഴിയെ സൂക്ഷിക്കാൻ കുറുക്കനെ ഏൽപ്പിക്കുന്ന സ്ഥിതിയല്ലേ ഉള്ളത്? മന്ത്രിയുടെ സമീപനത്തിനെതിരായി നിവേദനം കൊടുക്കുകയും അവിടെ കൈവശക്കാരായിരിക്കുന്ന കൃഷിക്കാരെ-ഭൂമാഫിയയെ-കർഷകരെന്ന മറയിട്ട് അവർക്ക് ഭൂമി സമ്പാദിച്ചുകൊടുക്കാൻ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതിന്റെ മുഖ്യ വക്താവ് ചീഫ് വിപ്പ് തന്നെയാണ്. അദ്ദേഹത്തെ അദ്ധ്യക്ഷനാക്കിയാണ് ആദ്യം യു.ഡി.എഫ്. കമ്മിറ്റി വച്ചത്. വിവാദമായതിനു ശേഷമാണ് ശ്രീ. പി.സി.ജോർജിനെ മാറ്റി ഇപ്പോൾ ശ്രീ. എം.എം.

ഹസ്സനെ കമ്മീഷനായി വച്ചിരിക്കുന്നത്. അത് എന്തിനാണ്? ഗവൺമെന്റിന് വ്യക്തമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വന സംരക്ഷണ നിയമം പാസ്സായി. 1980-ന് ശേഷം നമ്മുടെ ഒരിഞ്ച് വന ഭൂമിയും പാട്ടം കൊടുക്കാനോ, പട്ടയം കൊടുക്കാനോ, കൈമാറ്റം ചെയ്യാനോ, വിൽപ്പന നടത്താനോ ഉള്ള ഒരവകാശവും കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ സംസ്ഥാന ഗവൺമെന്റിനോ വനം വകുപ്പിനോ അവകാശമില്ലെന്നിരിക്കെ നമ്മുടെ സംസ്ഥാനത്ത് വൻതോതിലുള്ള വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന ഒരു സമീപനമാണ് ഇവിടെ ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവിടെ വനങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നു. നമുക്കറിയാം അഞ്ചുവർഷം കഴിഞ്ഞപ്പോൾ വനഭൂമിയുടെ വിസ്തൃതി വർദ്ധിക്കുകയാണുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ സ്ഥിതിയാകെ മാറിയിരിക്കുന്നു. വനം കൈയേറ്റക്കാർ, വനം കൊള്ളക്കാർ, ചന്ദന മാഫിയ എല്ലാം തിരിച്ചുവന്നിരിക്കുന്നു. മറയൂരിൽ വീണ്ടും ചന്ദനക്കൊള്ള നടന്നിരിക്കുന്നതായി ഒരു പത്രവാർത്ത വന്നത് എന്റെ കൈയിലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ വനം കൊള്ളക്കാരെല്ലാം രംഗത്ത് വന്നിരിക്കുന്നു. ചീഫ് വിപ്പിനെപ്പോലെയുള്ള ആളുകൾ കപട കൃഷിക്കാരെ സംരക്ഷിക്കാനെന്ന പേരിൽ രംഗത്ത് വന്നിരിക്കുന്നു. എത്രയോ വർഷത്തിനുമുമ്പ് മരിച്ചുപോയ ആറുപേരുടെ ഒപ്പിട്ട ഒരു നിവേദനമാണ് ശ്രീ. പി.സി. ജോർജ് ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെ യു.ഡി.എഫ്-നും കൊടുത്തിരിക്കുന്നത്. ആ നിവേദനം സ്വീകരിച്ചുകൊണ്ടാണ് യു.ഡി.എഫ്. കമ്മീഷനെ വച്ചിരിക്കുന്നത്. കേരളത്തിന്റെ വനസമ്പത്ത് മുഴുവൻ ഇവർ സ്വന്തക്കാർക്ക് എഴുതി കൊടുക്കുമെന്നുള്ള

കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഈ ഗുരുതരമായ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. പി.സി. ജോർജ് റൂൾ 307 അനുസരിച്ചാണ് അങ്ങ് എഴുതിത്തന്നിരിക്കുന്നത്. അത് ശരിയല്ല. റൂൾ 288 അനുസരിച്ച് അങ്ങേയ്ക്ക് അനുവദിക്കുന്നു.

## വ്യക്തിപരമായ വിശദീകരണം

ശ്രീ. പി.സി. ജോർജ്: സർ, കോന്നി വനഭൂമി എത്രയോ വർഷം മുമ്പ് ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്. അതുപോലെതന്നെ നിലമ്പൂർ ഭാഗത്തെ 1160 ഏക്കർ ........

മി. സ്പീക്കർ : ഞാൻ അനുവദിച്ചത് അങ്ങേയ്ക്ക് പറയാനുള്ളത് പറയാനാണ്. ബാക്കിയുള്ളത് മന്ത്രി പറയേണ്ടതാണ്. ചെയർ അനുവദിച്ചതിനെ മിസ്യൂസ് ചെയ്യരുത്. അങ്ങേയ്ക്ക് പറയാനുള്ളത് പറയണം. ഗവൺമെന്റ് എടുക്കേണ്ട ആക്ഷനെക്കുറിച്ച് അങ്ങ് പറയേണ്ട.

ശ്രീ. പി.സി. ജോർജ്: നിലമ്പൂർ വനഭൂമി ഗവൺമെന്റ് ഏറ്റെടുക്കണം എന്നാണ് എന്റെ അഭിപ്രായം. കോന്നിയിൽ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നത് ഒരു പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിലാണ്. അത് ഗവൺമെന്റ് ഏറ്റെടുക്കണം എന്നാണ് എന്റെ അഭിപ്രായം. ഞാൻ കൊടുത്ത നിവേദനം എന്നുപറയുന്നത്, മുരിക്കോലി കൊച്ചുതമ്പി എന്നുപറയുന്ന മനുഷ്യൻ, അദ്ദേഹം ഒന്നാന്തരം മുസൽമാനാണ്. അദ്ദേഹ

മെങ്ങനെ എന്റെ ബന്ധുവാകും? കൃഷിക്കരുടെ ഭൂമി ഏറ്റെടുക്കരുതെന്നാവശ്യപ്പെട്ട് ഞാൻ കത്ത് കൊടുത്തിട്ടുള്ളതാണ്. ഞാൻ അക്കാര്യത്തിൽ ഉറച്ചുനിൽക്കുകയാണ്. ഈ വനഭൂമി കൈയേറുന്ന മാഫിയയെ മുഴുവൻ കസ്റ്റഡിയിലെടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിൽ ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് മുഴുവൻ വസ്തുതാവിരുദ്ധമാണ്. എന്നെപ്പറ്റി പറഞ്ഞ ഭാഗം എക്സ്പഞ്ച് ചെയ്യണമെന്നാവശ്യപ്പെടുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : സർ, ഇക്കാര്യത്തിൽ ഒരാശങ്കയ്ക്കും വകയില്ല. ഇത് ഇപ്പോൾ റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസുള്ള ഗവൺമെന്റിന്റെ കൈയിലിരിക്കുന്ന വനഭൂമിയാണ്. ഇതുമായി ബന്ധപ്പെട്ട് 1971 മുതൽ കേസ്സുകൾ നടക്കുകയാണ്. ആദ്യത്തെ കേസ്സിന്റെ വിധി വരുമ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദാണ് അന്ന് വനം വകുപ്പുമന്ത്രി. അദ്ദേഹമാണ് ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാൻ തീരുമാനിച്ചത്. സുപ്രീംകോടതിയിൽനിന്ന് വിധി വരുമ്പോൾ അന്നത്തെ വനം വകുപ്പുമന്ത്രി കെ.പി. നൂറുദ്ദീൻ സാറാണ്. അദ്ദേഹം സെക്ഷൻ 5 പ്രകാരം ഒരു മരം പോലും വെട്ടാൻ പാടില്ലെന്ന് പറഞ്ഞ് ബ്ലോക്ക് ചെയ്തു. 2000-ൽ ഇത് ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചതോടുകൂടി നമ്മുടെ റിസർവ്വ് വനമായി. ബഹുമാനപ്പെട്ട കോടതിയിൽ രണ്ടുപേർ നടത്തുന്ന കേസ്, അതിൽ വനം വകുപ്പ് കക്ഷിയല്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു പറയുകയുണ്ടായി, കോടതിയിൽ സ്ഥലത്തിന് അഡ്വാൻസ് വാങ്ങിച്ചിട്ട് പണം തന്നില്ല എന്നുപറഞ്ഞ് കേസ് നടക്കുകയാണ്. ഈ ഭൂമി ഇ.എഫ്.എൽ. ആക്കിയതും വനഭൂമി

യാക്കിയതുമെല്ലാം കോടതിയിൽ മറച്ചുവയ്ക്കുകയാണ്. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കോടതിയിൽനിന്ന് വനം വകുപ്പിന് ഒരു നോട്ടീസ് കിട്ടാതെ വനം വകുപ്പിന്റെ വക്കീലിനോ ഗവൺമെന്റ് വക്കീലിനോ എഴുന്നേറ്റ് അതിൽ അഭിപ്രായം പറയാൻ സാധിക്കുമോ? കാരണം വനം വകുപ്പിനെ ഇതിൽ കക്ഷിയാക്കുന്നതേയില്ല. ഇത് വളരെ രഹസ്യമായി രണ്ടുപേർ തമ്മിലുള്ള പൈസ തർക്കമാണ്. ആ തർക്കത്തിൽ ഒരു സർവ്വേ നമ്പർ കാണിക്കുന്നു, ഈ സർവ്വേ നമ്പറിലെ സ്ഥലം തരാമെന്ന് പറഞ്ഞ് അഡ്വാൻസ് വാങ്ങി ഞങ്ങൾക്ക് ഭൂമി തന്നില്ല എന്നു പറയുന്നു. കോവിലകത്തിന്റെ വകയാണ്. കൊടുക്കാൻ സുപ്രിംകോടതി വിധിയുണ്ട്. പക്ഷേ അവർ അത് വാങ്ങിയില്ല. 112 പേർക്ക് 15 ഏക്കർ വീതം ഈ കുടുംബത്തിന് തീരുമാനിച്ചു. പക്ഷെ അവരെ നമ്മൾ അറിയിച്ചു. സുപ്രീം കോടതി വിധിയുണ്ട്. അവർ അളന്ന് നമ്മുടെ കൈയിൽ നിന്ന് വാങ്ങിയില്ല. പിന്നീടാണ് അത് സെക്ഷൻ 5 വനഭൂമിയായി പ്രഖ്യാപിച്ചത്. ഒരു മരംപോലും ഇതിൽനിന്ന് വെട്ടിയിട്ടില്ല. വെട്ടാൻ അനുവദിക്കുകയുമില്ല. ഇത് റിസർവ്വ് വനമാണ്. അതിൽ യാതൊരു തർക്കവും വേണ്ട യാതൊരു ആശങ്കയും വേണ്ട. പത്രത്തിൽ പരസ്യം വന്ന അന്നുമുതൽ എല്ലാ രേഖകളും തയ്യാറാക്കി സി.പി.സി ........... തെറ്റിദ്ധരിപ്പിച്ചുവെന്നല്ല ഞാൻ പറഞ്ഞത്. ഈ കേസിൽ വനം വകുപ്പിനെ കക്ഷി ചേർക്കുന്നില്ല. ഒരു സർവ്വേ നമ്പറിലെ ഒരു സ്ഥലം ഞങ്ങൾക്ക് തരാമെന്ന് പറഞ്ഞ് അഡ്വാൻസ് വാങ്ങിച്ചു. സ്ഥലം തന്നില്ല, ഞങ്ങളുടെ പൈസയും തിരിച്ചുതരുന്നില്ല. ഞങ്ങളുടെ പണം തിരിച്ചുവാങ്ങിത്തരണം എന്നുപറഞ്ഞ് അവർ തമ്മിലുള്ള ഒരു സിവിൽ കേസ്സിൽ വനം വകുപ്പ് രംഗത്ത് വരുന്നില്ല. വനം

വകുപ്പിനെക്കുറിച്ച് ഒരു പരാമർശം ഉണ്ടെങ്കിൽ തീർച്ചയായും കോടതി വനം വകുപ്പിന് നോട്ടീസ് അയയ്ക്കും. കോടതി വിധി വന്നതിനുശേഷം ഗവൺമെന്റ് സി.പി.സി. 1908-ലെ ഓർഡർ അനുസരിച്ച് റൂൾ 58 പ്രകാരം എക്സിക്യൂട്ടീവ് ഓർഡർ ഇഷ്യു ചെയ്ത് ഒരു ക്ലെയിം പെറ്റീഷൻ കോഴിക്കോട് സബ്കോടതിയിൽ ഇന്ന് ഫയൽ ചെയ്യുകയാണ്. എല്ലാ പേപ്പറുകളും റെഡിയാക്കി കൊടുത്തുകഴിഞ്ഞു. അതുപോലെ ഇതേ കോടതിയിൽത്തന്നെ സെയിൽ മാറ്റിവയ്ക്കണമെന്ന് കാണിച്ച് ഒരു ഹർജി കൊടുക്കുന്നുണ്ട്. അതുകൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇത്തരം നടപടികളെല്ലാം നിർത്തിവയ്ക്കണം ഇത് വനഭൂമിയാണെന്ന് കാണിക്കുന്ന ഒരു ഹർജി കൊടുക്കുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ വ്യക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. ഇത് വന്യമൃഗങ്ങളുള്ള റിസർവ്വ് വനമാണ്. ഇത് വിട്ടുകൊടുക്കുന്ന പ്രശ്നമില്ല. അതിന് ഏത് എക്സ്റ്റന്റ് വരെയും നിയമയുദ്ധങ്ങൾ നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സ്റ്റേറ്റിന്റെ താത്പര്യത്തിന് വിരുദ്ധമായി കക്ഷികൾ ഒത്തുകളിക്കുന്നെന്ന് തോന്നിയാൽ അവിടത്തെ ഗവൺമെന്റ് പ്ലീഡർക്ക് ഇടപെട്ടുകൂടേ; അങ്ങനെ എന്തുകൊണ്ട് അയാൾ ഇടപെട്ടില്ല?

ശ്രീ. കെ.ബി. ഗണേഷ്കുമാർ: ഈ കേസ് ഗവൺമെന്റ് പ്ലീഡർ അറിയുന്നില്ല. കാരണം ഈ കേസ്സിൽ വനം വകുപ്പിനെക്കുറിച്ച് യാതൊരു കാര്യവുമില്ല. ഇത് രണ്ടുപേർ തമ്മിലുള്ള സ്വത്ത് തർക്കമെന്ന നിലയിലാണ് കോടതിയിൽ കൈകാര്യം ചെയ്യുന്നത്. ഒരു സർവ്വേ നമ്പർ വച്ചിട്ട് ആ സർവ്വേ നമ്പറിലെ സ്ഥലം എനിക്ക് തരാമെന്ന് പറഞ്ഞ് പണംവാങ്ങി എന്നിട്ട് തന്നില്ല. അതാണ് കേസ്. ആരുടെ ഭൂമിയാണെന്ന് പറയുന്നില്ല.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മന്ത്രി സഭയിലാണ് പറയുന്നത്. ഞങ്ങൾ അത് നിഷേധിക്കുന്നില്ല. അടുത്ത ഓഗസ്റ്റ് 18-ന് ഈ ഭൂമി ലേലത്തിന് ഡിക്ലയർ ചെയ്തതാണ്. ഈ നിയമസഭയിൽ വരുമ്പോഴാണ് നിങ്ങൾക്ക് നോട്ടീസ് കിട്ടിയില്ല എന്നുപറയുന്നത്. ഇത് മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നില്ലായിരുന്നെങ്കിൽ ഇ.എഫ്.എൽ. അല്ല എന്തായാലും..... ഇതൊക്കെ വിൽക്കാൻ പോകുകയാണ്.

ശ്രീ. കെ.ബി ഗണേഷ്കുമാർ: മാധ്യങ്ങൾ പുറത്തുകൊണ്ടുവന്നതല്ല. പത്രത്തിൽ കോടതി റിസീവറുടെ പരസ്യം വന്ന നിമിഷം മുതൽ ഇത് തിരിച്ചറിയുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാതെ പത്രങ്ങൾ പുറത്തുകൊണ്ടുവന്നതല്ല.

ശ്രീ. വി.ഡി. സതീശൻ: സർ, 1167 ഏക്കർ ഇ.എഫ്.എൽ. ലാൻഡ് ലേലത്തിന് വച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ കേസ് രണ്ട് സ്വകാര്യ പാർട്ടികൾ തമ്മിൽ നടക്കുന്ന സിവിൽ മാറ്ററാണ്. സിവിൽ മാറ്റർ നടക്കുന്ന കോടതിയിൽ ഗവൺമെന്റ് പ്ലീഡറുടെ സാന്നിധ്യമുണ്ടാകാറില്ല. അതുപോലെ വനം വകുപ്പിന്റെ വക്കീലിന്റെ സാന്നിധ്യവും ഉണ്ടാകാറില്ല. ആയിരക്കണക്കിന് സിവിൽ കേസ്സുകൾ നടക്കുന്ന ഒരു കോടതിയിൽ നടന്ന ഒരു കേസാണ്. ഇതിന്റെ ഗൗരവമായ വിഷയം എന്നുപറയുന്നത്, ഇതിന്റെ ഓണർഷിപ്പും ടൈറ്റിലും ആർക്കാണെന്ന് പരിശോധിക്കാതെയാണ് കോടതി ഇത് ലേലത്തിന് വയ്ക്കാൻ വേണ്ടി നിർദ്ദേശിച്ചത്. ഗുരുതരമായ പിഴവാണ് കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. സാധാരണ നിയമത്തിൽ apparent error ആണ്. രണ്ട് കക്ഷികൾ തമ്മിൽ എഗ്രിമെന്റുണ്ടാക്കി സെക്രട്ടേറിയറ്റ് വിൽക്കാൻ ശ്രമിച്ചാൽ അത് കോട

തിക്ക് ലേലത്തിൽ വയ്ക്കാൻ തീരുമാനമെടുക്കാൻ പറ്റുമോ? അപ്പോൾ 1167 ഏക്കർ എന്നുപറയുന്ന ഇത്രയും പ്രധാനപ്പെട്ട സ്ഥലത്തിന്റെ ഓണർഷിപ്പും ടൈറ്റിലുമെവിടെയാണ്; ഇത് ആരുടെ കൈവശമാണ് ഇരിക്കുന്നതെന്ന് രേഖ പരിശോധിക്കാതെ രണ്ട് സ്വകാര്യ കക്ഷികൾ തമ്മിലുള്ള സിവിൽ അന്യായത്തിൻമേൽ കോടതി എടുത്തിരിക്കുന്ന തീരുമാനത്തിൽ വിധി പ്രഖ്യാപനത്തിൽ ഗുരുതരമായ തെറ്റുണ്ട്. ആ തെറ്റ് കോടതിയെ അറിയിച്ച് അതിന്റെ തിരുത്തൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, മന്ത്രി പറഞ്ഞത് മുഖവിലയ്ക്കെടുക്കുന്നു അതുപോലെതന്നെ ശ്രീ. വി.ഡി. സതീശൻ പറഞ്ഞപോലെ ഇത് ഒരു സിവിൽ പെറ്റീഷനാണ് അങ്ങനെയാണെങ്കിൽത്തന്നെയും.... ഒരു കാര്യം മന്ത്രി വ്യക്തമാക്കി ഇവിടെ രണ്ട് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായിട്ടാണ് വനഭൂമി വന്നിട്ടുള്ളത്. തെറ്റിദ്ധരിപ്പിച്ചിട്ടാണ് ചെയ്തിട്ടുള്ളത്. അങ്ങനെയാണെങ്കിൽ തെറ്റിദ്ധിരിപ്പിട്ടുള്ള ഈ രണ്ട് ആളുകളുടെ പേരിൽ ക്രിമിനൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>: സർ, അതിന് യാതൊരു സംശയവും വേണ്ട. ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. എങ്കിൽ മാത്രമേ നമ്മൾ ഫർദറായി കൊടുക്കുന്ന കേസ്സിന് ശക്തിയുണ്ടാകുകയുള്ളൂ. അതിൽ ഒരു വിട്ടുവീഴ്ചയും വരുത്തുകയില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതുപോലെ ഇത് കോടതിയുടെ ഭാഗത്തുനിന്ന് വന്ന വീഴ്ചയാണോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

ആ കോടതിയുടെയും മേൽക്കോടതിയുടെയും ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടികളും എടുത്തുകഴിഞ്ഞു. അതുകൂടാതെ ഇത്തരത്തിൽ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ ആ വ്യക്തികളുടെ പേരിൽ കർശനമായ നിയമനടപടികൾക്ക് കോടതിയിൽതന്നെ ഇനിഷ്യേറ്റ് ചെയ്യും. അതിന് യാതൊരു സംശയവുമില്ല. ലേലം സ്റ്റേ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോടതി തീരുമാനിച്ച ലേലം കോടതിയിൽ പോയി സ്റ്റേ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സഭയുടെ വികാരം മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ വികാരവും ഒരു സെന്റ് വനഭൂമിപോലും നഷ്ടപ്പെടുത്തരുതെന്നുള്ളത് തന്നെയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. ഒരു സെന്റ് ഭൂമിപോലും ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പ്രഖ്യാപിച്ചു. ഞാൻ പറഞ്ഞതിനെ അടിവരയിട്ടുകൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നയത്തിൽ യാതൊരു മാറ്റവും ഉണ്ടാകില്ല, അതിന് യാതൊരു സംശയവും വേണ്ട. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകളെല്ലാം തോറ്റെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പറുടെ തെറ്റിദ്ധാരണ നീക്കുന്നതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്. വനംവകുപ്പുമായി ബന്ധപ്പെട്ട ഒരു കേസ്സിൽപ്പോലും സർക്കാർ തോറ്റിട്ടില്ല. ചില കേസ്സുകളിൽ സ്റ്റേ കൊടുത്തിട്ടുണ്ട്. ആ സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. വന സംരക്ഷണത്തിനുവേണ്ടി ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു.

അതിനകത്ത് ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ല. ഇക്കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ സംസ്ഥാനത്ത് 28 ശതമാനം വന ഭൂമിയുണ്ട്. ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനഭൂമി സംരക്ഷിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിൽനിന്ന് ഒരിഞ്ച് ഭൂമിപോലും നഷ്ടപ്പെടാതിരിക്കാൻ ജാഗ്രതയോടുകൂടി നിൽക്കുക. ഈ ഗവൺമെന്റിന്റെ നയം വളരെ വ്യക്തമാണ്. പാട്ടക്കാലാവധി കഴിയുന്ന ഭൂമികൂടി പിടിച്ചെടുത്ത് വന വിസ്തീർണ്ണം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

<u>മി. സ്പീക്കർ</u>: സർ, ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനം സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അതിനനുസരച്ചുള്ള നടപടികളൊന്നും എടുക്കുന്നില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വനം സംരക്ഷിക്കുന്നതിനുവേണ്ടി കുറേ നടപടികൾ പ്രഖ്യാപിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വി.ഡി. സതീശൻ പറഞ്ഞതാണ് ഇതിലുള്ള ഏറ്റവും ഗൗരവകരമായ പ്രശ്നം. വനസമ്പത്ത് കൊള്ളയടിക്കുന്ന ഒരു ഗൂഢസംഘം നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സംഭവം അതിന്റെ ഭാഗമായിട്ടുണ്ടായതാണ്. ഏതെങ്കിലും തരത്തിൽ കോടതിയിൽ ഒരു അപേക്ഷ കൊടുക്കുകയും അവിടെനിന്ന് ഒരു വിധി സമ്പാദിക്കുകയുമാണ് ചെയ്യുന്നത്. ആഗസ്റ്റ് മാസം 18-ന് 1163 ഏക്കർ വനഭൂമിയാണ് ഇത്തരത്തിൽ ലേലം ചെയ്യാൻ കോഴിക്കോട് കോടതിയിൽ വച്ചിരിക്കുന്നത്. ഈ സംഭവവുമായി ബന്ധപ്പെട്ട് കോടതിക്ക് ഒത്തുകളിയുണ്ടോ; ഇതു സംബന്ധിച്ച് കോടതിക്കൊരു കാഴ്ചപ്പാട് വേണ്ടേ? ഇത് ജുഡീഷ്യറിയിലെ ഒരു വിഭാഗംകൂടി ചേർന്നുകൊണ്ട് നടത്തുന്ന ഒത്തുകളിയാണോ? ഇത് നമ്മുടെ വനസമ്പത്ത് വലിയ തോതിൽ നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നു. ഗവൺമെന്റ് എപ്പോഴും വ്യവഹാരിയായി കോടതിയെ സമീപിക്കേണ്ട സ്ഥിതിവന്നാൽ ഇനി ജുഡീഷ്യറിയെക്കൂടി സംരക്ഷിക്കേണ്ട ചുമതല ജുഡീഷ്യറിക്ക് വരും. ഇതുസംബന്ധിച്ച് ഒരു പെറ്റീഷൻ കോടതിയിൽ വച്ചപ്പോൾ കോടതി അത് ലേലം ചെയ്യാൻ തിരുമാനിക്കുകയാണ്. ഇത് സാധാരണ ഒരു പ്രദേശമല്ല, പരിസ്ഥിതി ദുർബല പ്രദേശമാണ്. ഇക്കോളജിക്കലി ഫ്രൈജെൽ ലാന്റായി പ്രഖ്യാപിച്ച ഒരു സ്ഥലം ഇത്തരത്തിൽ വരുമ്പോൾ അത് നോക്കാൻ ആളുകൾ വേണ്ടേ? ഇക്കാര്യത്തിൽ ഇതുവ

രെയായിട്ടും സ്റ്റേ വാങ്ങാൻ എന്തുകൊണ്ട് നമുക്ക് സാധിച്ചില്ല? ഗുരുതരമായ ഈ പ്രശ്നത്തിൽ ഗവൺമെന്റ് കണ്ണടയ്ക്കുകയാണ്. വനമേഖല കൊള്ളയടിക്കുന്ന ശക്തികൾക്ക് പല മേഖലയിലും സ്വാധീനമുണ്ട്. ഗവൺമെന്റിൽ മാത്രമല്ല, മറ്റു പല രംഗത്തും അവർക്ക് സ്വാധീനം ചെലുത്താൻ സാധിക്കുമെന്നുള്ളതിന് തെളിവാണ് ഇത്തരത്തിലുള്ള ഒരു കേടതിവിധിയുണ്ടായതിന്റെ പിറകിൽ എന്നുള്ള വസ്തുതകൂടി നമ്മൾ കാണണം. കോടതി പറഞ്ഞതുകൊണ്ടാണ് ഇതിന്റെ ഗൗരവം വർദ്ധിക്കുന്നത്. നമ്മുടെ വനസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇതുസംബന്ധിച്ച് വേറെ ചില റിപ്പോർട്ടുകളും വരുന്നുണ്ട്. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു റിപ്പോർട്ട് വരികയുണ്ടായി - പശ്ചിമഘട്ടമേഖലയിൽ ഖനന അനുമതി, കോടികളുടെ അപൂർവ്വ ശിലകൾ കടൽ കടക്കും. പൈതൃക സ്വത്തായി യുനസ്കോ പ്രഖ്യാപിച്ച പശ്ചമിമഘട്ടത്തിലെ അപൂർവ്വ പ്രകൃതി സമ്പത്ത് കടത്തുന്നതിന് വഴിയൊരുക്കിക്കൊണ്ട് മാർബിൾ കമ്പനിക്ക് ഖനന അനുമതി കൊടുത്തു. പെരുങ്കടവിള കുന്നത്തുകാൽ പഞ്ചായത്തിൽപ്പെട്ട തേരണി മലയിലാണ് ഖനനം നടത്താൻ അനുമതി കൊടുത്തത്. ഇത് തിരുവനന്തപുരം ജില്ലയിൽ നടന്ന സംഭവമാണ്. അജണ്ടയിൽപ്പോലും വെയ്ക്കാതെ ഇത്തരത്തിൽ പഞ്ചായത്ത് അനുമതി കൊടുത്തു എന്നുള്ള ഗൗരവകരമായ റിപ്പോർട്ടാണ് പുറത്ത് വന്നിരിക്കുന്നത്. എംസാന്റിന്റെ പേരിൽ നടത്തുന്ന ഏറ്റവും വലിയ സംഭവമാണിത്. കൃഷ്ണശില കടത്താൻ വേണ്ടിയുള്ള ഒരു ഗൂഢസംഘത്തിന്റെ ഭാഗമായിട്ടുള്ളതാണിത്. ഇത്തരത്തിൽ നമ്മുടെ പശ്ചമിഘട്ട മേഖലയിൽ ഖനനത്തിന് അനുമതി കൊടുത്താലുണ്ടാകുന്ന വിപത്ത് എത്ര വലുതാണ്? പരിസ്ഥിതി സംരക്ഷണം ഒരു

പ്രധാനപ്പെട്ട വിഷയമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള കാര്യങ്ങളിൽ നമുക്ക് കണ്ണടയ്ക്കാൻ സാധിക്കില്ല. ഗവൺമെന്റ് ഇതിന്റെ ഗൗരവത്തിനനുസരിച്ച് പ്രവർത്തിക്കുന്നില്ല. മുഖ്യമന്ത്രിയും വനം വകുപ്പു മന്ത്രിയും പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും പ്രഖ്യാപനം ഒരുഭാഗത്ത് നടക്കുകയും കൊള്ള വേറൊരു ഭാഗത്ത് നടക്കുകയും ചെയ്യുകയാണ്. മുഖ്യമന്ത്രി ഒന്ന് പ്രഖ്യാപിക്കുന്നു, വനം വകുപ്പുമന്ത്രി വേറൊന്ന് പ്രഖ്യാപിക്കുന്നു, ശ്രീ. പി.സി. ജോർജിന്റെ വക വേറെ ഉത്തരവ് കൊടുക്കുന്നു. ഇവിടെ നാഥനില്ലാത്ത ഒരവസ്ഥ വന്നിരിക്കുകയാണ്. ഗവൺമെന്റിന്റെ നയമേതാണെന്ന് ഉദ്യോഗസ്ഥന്മാർക്ക് വ്യക്തമല്ലാത്തതിന്റെ ഫലമായി ഉദ്യോഗസ്ഥന്മാർ കോടതിയിൽ കണ്ണ് അടയ്ക്കുകയാണ്. ഗവൺമെന്റിന് വ്യക്തതയില്ലായെന്ന് വന്നതോടുകൂടി വനം സംരക്ഷിക്കാൻ ആളില്ലാത്ത അവസ്ഥ ഈ ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുകയാണ്. പ്രഖ്യാപിച്ച നയം നടപ്പിലാക്കാൻ സാധിക്കാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ.ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സഹ്യപർവ്വതത്തിലെ പാറ പൊട്ടിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ വാർത്ത പത്രത്തിൽ വന്ന ദിവസംതന്നെ സഭ തുടങ്ങുന്നതിനുമുമ്പായി വനം വകുപ്പ് ഉദ്യോഗസ്ഥരോട് അവിടെപ്പോയി പരിശോധിക്കാനും അത് നിറുത്തിവയ്ക്കാനും ഏർപ്പാട് ചെയ്തു. അവർ പ്രസ്തുത സ്ഥലം പരിശോധിച്ചപ്പോൾ അത് റവന്യൂ ഭൂമിയാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. വനം വകുപ്പിന്റെ ഭൂമി ആ പ്രദേശത്ത് എവിടെയുമില്ല. പ്രസ്തുത വിവരം ലഭിച്ചയുടൻതന്നെ ഒരു കാരണവശാലും ഖനനത്തിന് അനുമതി കൊടുക്കരുതെന്നുള്ള നിർദ്ദേശം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുഖേന കളക്ടർക്ക് നൽകുകയും ചെയ്തു.

മി. സ്പീക്കർ: അവിടെ മാത്രമല്ല, ഏത് വകുപ്പുകളാണെങ്കിലും പാറ പൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്തുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് സർക്കാർ നടപടികൾ സ്വീകരിക്കണം. ഇത് കൃഷ്ണശിലയുടെ കാര്യത്തിൽ മാത്രമല്ല, എല്ലായിടത്തും വേണ്ടതാണ്. പക്ഷേ ഇത് ഇപ്പോൾ തുടങ്ങിയതല്ലായെന്നത് കൂടി സഭ ഓർക്കണം.

ശ്രീ. സി. ദിവാകരൻ: സർ, ഈ വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞതെല്ലാം വസ്തുതയാണ്. നിങ്ങൾ അതിൽ ഇടപെട്ടു എന്നുള്ളത് നല്ല കാര്യംതന്നെ. അതിൽ ഇടപെട്ടതുകൊണ്ട് ഇപ്പോൾ നിറുത്തിവച്ചിരിക്കകയാണ്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഇത്തരം സംഭവങ്ങൾ പല സ്ഥലത്തും നടക്കുന്നുണ്ട്. ഇവിടെ 1163 ഏക്കർ ഇ.എഫ്.എൽ.ന്റെ സ്ഥലമാണ്. അത് ഇവിടെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. കൂടാതെ ഇത് രേഖയിലുമുള്ളതാണ്. ഇത്രയും കാലമായി അവകാശ തർക്കങ്ങളെല്ലാം വന്ന് അത് കോടതിയിലെത്തി ലേലത്തിന്റെ പരസ്യം പത്രങ്ങളിൽ വന്നപ്പോഴാണ് ബഹുമാനപ്പെട്ട ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇതിൽ ഇടപെട്ടത്. ഗവൺമെന്റ് ഇടപെട്ടിട്ട് ഇത്രയും ദിവസങ്ങളായെങ്കിലും സ്റ്റേ വാങ്ങിയില്ല. ഒരു ഗവൺമെന്റിന് 24 മണിക്കൂർകൊണ്ട് ഹൈക്കടതിയിൽ നിന്ന് സ്റ്റേ വാങ്ങാം. പക്ഷേ ഇതുവരെ സ്റ്റേ വാങ്ങിയിട്ടില്ല. ഇവിടെ മന്ത്രിയുടെ പരിശ്രമങ്ങളെ ഞാൻ നിരുത്സാഹപ്പെടുത്തുന്നില്ല. വനഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങ് ഒറ്റയ്ക്ക് നടത്തുന്ന ശ്രമങ്ങൾക്ക് ഇപ്പുറത്ത് നിന്നുള്ള എല്ലാ പിന്തുണയും ഉണ്ടാകും. പക്ഷേ അങ്ങ് വിജയിക്കാൻ പോകുന്നില്ല എന്നുള്ളതാണ് ഇതുവരെയുള്ള അനുഭവങ്ങൾ. വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട 27 കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്. അവയൊന്നും പിടിച്ചെടുക്കുന്നതിനുള്ള നടപടികളെടുക്കുന്നില്ല. ഇവിടെ ഒരു തുണ്ട് ഭൂമിക്കുവേണ്ടി ആളുകൾ സമരം ചെയ്യുകയും പോലീസ് സ്റ്റേഷനിൽ പോകുകയും ലോക്കപ്പിൽ പോകുകയും മർദ്ദനമേൽക്കുകയും വെടികൊള്ളു

കയും ചെയ്യുകയാണ്. ഭൂമി ഇല്ലായെന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. ഭൂസ്വാമിമാരും വനംകൊള്ളക്കാരും ഇതെല്ലാം കയ്യടക്കുന്നു. ഇവിടെ കേരളം വിൽക്കപ്പെടുകയാണ്, കേരള സ്റ്റേറ്റ് ഓൺ സെയിലാണ് ഇവിടെ നടക്കുന്നത്. നിയമസഭയിൽ പ്രമേയം വരുമ്പോൾ മാത്രമാണ് നിങ്ങൾ പ്രതികരിക്കുന്നത്. കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരുതുണ്ട് ഭൂമിപോലും കൊടുക്കുകയില്ലായെന്ന് അങ്ങ് പറഞ്ഞത് അങ്ങയുടെ ചെറുപ്പത്തിന്റെ ആവേശംകൊണ്ടാണ്. ഇവിടെ ഭൂമി കയ്യേറിക്കൊണ്ടിരിക്കുകയാണ്, വനഭൂമി പൊയ്ക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്.ന്റെ ഒരു ഉപസമിതി ഇതിനെക്കുറിച്ച് അന്വേഷിക്കുന്നത് നല്ല കാര്യമാണ്. ഇതിൽ നിങ്ങൾ മാത്രം പോയി അന്വേഷിട്ട് കാര്യമുണ്ടോ? നിങ്ങൾ തന്നെയല്ലേ ഇതിനെല്ലാം കൂട്ട് നിൽക്കുന്നത്? അതുകൊണ്ട് പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു നിയസഭാ സമിതിയെ ഈ കേരളത്തിലെ വനത്തെ സംബന്ധിച്ചുള്ള അന്വേഷണം നടത്താൻ നിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ പറയുകയാണ്. അനാവശ്യമായി മൈനിംഗിനുള്ള ലൈസൻസ് കൊടുക്കുന്നതടക്കം കേരളത്തിന്റെ പ്രകൃതിയെ താറുമാറാക്കുന്ന ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സബ്ജക്ട് കമ്മിറ്റിയെ മാത്രം നിയോഗിച്ചാൽ പോര. നിയമസഭയിലെ ഭരണ-പ്രതിപക്ഷത്തേയും അംഗങ്ങളടങ്ങുന്ന ഒരു ഉപസമിതിയെ നിയമിക്കുകയും ഈ കാര്യങ്ങൾ ജനങ്ങൾ അറിയത്തക്കരീതിയിൽ പുറത്ത് കൊണ്ടുവരികയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതുപോലൊരു പ്രശ്നത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ നിങ്ങൾ സന്മനസ് കാണിക്കാത്തത് വളരെ കഷ്ടമാണ്. നിയമസഭ നടപടികൾ നിറുത്തിവച്ച് ഇക്കാര്യം ചർച്ച

ചെയ്താൽ ഇവിടെ ഒന്നും സംഭവിക്കുകയില്ല. ഇവിടെ ഞങ്ങൾ ഒരു ആരോപണവും ഉന്നയിക്കുന്നില്ല. യഥാർത്ഥ വസ്തുകൾ എന്താണെന്നുള്ളത് ജനങ്ങൾക്കും മാധ്യമങ്ങൾക്കും അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇതെല്ലാം കുറച്ചുകൂടി ഉയർന്ന നിലവാരത്തിൽ കാണേണ്ടതല്ലേ? പ്രതിപക്ഷത്തുനിന്ന് കൊണ്ടുവരുന്ന ഒരു അടിയന്തര പ്രമേയവും ചർച്ച ചെയ്യാൻ അനുവദിക്കകയില്ലായെന്നുള്ള നിലപാട് ജനാധിപത്യത്തിൽ എടുക്കാൻ സാധിക്കുമോ? ഇത്തരത്തിലുള്ള നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, ആയിരകണക്കിന് ഏക്കർ നിബിഡ വനഭൂമി ലേലം ചെയ്യാനുള്ള നടപടി വളരെ വൈകിയാണ് സർക്കാർ അറിഞ്ഞതെന്നത് എല്ലാവരേയും അത്ഭുതപ്പെടുത്തുകയാണ്. സർക്കാരിന്റെ പ്രഖ്യാപനങ്ങൾ ഒരുവഴിക്കും നടപടികളും നാട്ടുനടപ്പുകളും മറ്റൊരുവഴിക്കുമെന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ എല്ലാവരും കണ്ടുകൊണ്ടിരിക്കുന്നത്. ഒരു സിവിൽ വ്യവഹാരത്തിൽ വിധികടക്കാരന്റെ വസ്തു ലേലത്തിൽ കൊണ്ടുവരാൻ വിധി ഉടമസ്ഥന് കഴിയണമെങ്കിൽ ആ വസ്തു വിധികടക്കാരന്റേതാണെന്ന് കോടതിയെ ബോധ്യപ്പെടുത്തണം. അങ്ങനെ ചെയ്താൽ മാത്രമേ വിധി ഉടമസ്ഥന് വസ്തു ലേലത്തിൽ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ജോസ് തെറ്റയിൽ പറഞ്ഞ കാര്യം പ്രസക്തമാകുന്നത് ഇവിടെയാണ്. ഇവിടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ; വസ്തുവിന്റെ തണ്ടപ്പേർ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടോ; പന്ത്രണ്ട് കൊല്ലത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റാണ് സാധാരണ നിലയ്ക്ക് ഹാജരാക്കേണ്ടത്; കരമൊടുക്ക് രസീത് ഹാജരാക്കിയിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ ഇത്തരം രേഖകകളെല്ലാം കൃത്രിമമായി ചമച്ച് കോടതിയിൽ ഹാജരാക്കിയിരിക്കുകയാണ്. മാത്രമല്ല, ഇത്തരം കൃത്രിമ രേഖകൾ കോടതിയിൽ ഹാജരാക്കണമെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരുടെ സഹായമുണ്ടെങ്കിൽ മാത്രമേ അതിന് സാധിക്കുകയുളളൂ. അതുകൊണ്ട് വമ്പിച്ച തോതിൽ കൃത്രിമങ്ങൾ നടത്താതെ സർക്കാരിന്റെ നിബിഡ വനം ലേലത്തിൽ കൊണ്ടുവരാൻ ഒരു വിധിയുടമസ്ഥനോ കോടതിക്കോ കഴിയില്ല. ഈ വിഷയത്തിൽ കർശനമായി ഇടപെട്ട്, ഇതിനെതിരെ ക്രിമിനൽ കേസെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കാനും

സമഗ്രമായ പരിശോധന നടത്താനും ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? പ്രതിപക്ഷനേതാക്കൾ ഇവിടെ ഉന്നയിച്ച ആവശ്യങ്ങൾ ഞാൻ ആവർത്തിക്കുകയാണ്. ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനായി നിയമസഭയുടെ ഒരു സമിതിയെ നിയോഗിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം; അങ്ങ് ഗവൺമെന്റിനോട് ആവശ്യപ്പെടണം. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, ഇ.എഫ്.എൽ. ആയിട്ടുള്ള 1163 ഏക്കർ വനഭൂമിയാണ് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്താനുള്ള നിഗൂഢമായ ശ്രമം നടത്തിയിരിക്കുന്നത്. ഇവിടെ പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ചതുപോലെ കോടതിയിൽപ്പോലും ഇത്തരക്കാരെ സഹായിക്കുന്ന സമീപനമുണ്ടായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് പരിശോധിക്കേണ്ട താണ്. ഇത്തരത്തിലുള്ള ധാരാളം കോടതി വിധികൾ നമ്മുടെ സംസ്ഥാന ത്തുണ്ടാകുന്നുണ്ട്. ഇവർക്ക് കോടതിയിൽ ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ സഹായവും ഇതിനാവശ്യമായ രേഖകളുമുണ്ടെങ്കിൽ മാത്രമേ ഇത്തരത്തി ലൊരു തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇതുസംബ ന്ധിച്ച് സമഗ്രമായ ഒരന്വേഷണം അനിവാര്യമാണെന്നുള്ളതുകൊണ്ട് ഇക്കാര്യം ഒരു നിയമസഭാ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്ക ണം. അതിന് തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ വനസമ്പത്ത് നഷ്ടപ്പെടുത്തുന്ന, നഷ്ടപ്പെട്ടുപോകുമെന്ന് ഭീതിപരത്തുന്ന ഒരു വാർത്തയാണ് സഭ ഇന്ന് ചർച്ച ചെയ്യുന്നത്. രണ്ട് കക്ഷികൾ തമ്മിൽ സിവിൽകേസ് നടത്തി 1163 ഏക്കർ നിബിഡ വനഭൂമിയിന്മേൽ വിധി സമ്പാദിച്ചത് വളരെ ലാഘവബുദ്ധിയോടുകൂടിയാണ് ഗവൺമെന്റ് കാണുന്നതെങ്കിൽ ഈ ഭൂമി തിരിച്ചെടുക്കാനും സംരക്ഷിക്കാനും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എത്ര തന്നെ ആത്മാർത്ഥത കാണിച്ചാലും സാധിക്കുകയില്ലായെന്ന് ചൂണ്ടിക്കാണിക്കേണ്ടി വന്നതിൽ ഖേദമുണ്ട്. കാരണം ഇതിനുപുറകിൽ അതിശക്തമായ ലോബിയാണ് പ്രവർത്തിക്കുന്നത്. ആ ലോബിക്ക് പിന്തുണ നൽകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളതെന്ന് അവർ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ, കർഷകർ ഭൂമി കയ്യേറ്റകാർക്ക് പട്ടയം നൽകുകയാണ്. വനം മാഫിയയുമായി ബന്ധപ്പെട്ടവർക്ക് കർഷക ലേബൽ സമ്മാനിച്ച് അവർക്ക് പിന്നിൽ യു.ഡി.എഫ് ഗവൺമെന്റുണ്ടെന്ന് ബോധ്യപ്പെടുത്തുകയാണ്. നമ്മുടെ വനം കട്ടുമുടിക്കാൻ, കയ്യടക്കാൻ ശ്രമിക്കുന്നവർക്കുള്ള ഒരു സന്ദേശമാണ് ഇതിലൂടെ ഗവൺമെന്റ് നൽകുന്നത്. ആ സന്ദേശം തിരുത്താൻ നാളിതുവരെയുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇക്കാര്യം ഗവൺമെന്റ് അതീവ ഗൗരവത്തിൽ കാണുന്നുവെന്ന് ജനങ്ങളേയും മാഫിയയേയും ബോദ്ധ്യപ്പെടുത്തണമെങ്കിൽ ഒരു പുതിയ അന്വേഷണ ശൈലി അത്യാവശ്യമാണ്. അതാണ് ഇവിടെ ആവശ്യപ്പെട്ടത്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ ഇത് സമഗ്രമായി അന്വേഷിക്കാൻ തയ്യാറാണെന്നും ഇത്തരത്തിൽ നടന്നിട്ടുള്ള ഏതുതരം കൃത്രിമവും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും

വനം മാഫിയകൾക്ക്, ഗൂഡാലോചന നടത്തുന്നവർക്ക്, മാഫിയാസംഘങ്ങൾക്കെതിരായുള്ള സന്ദേശം നൽകാൻപോലും സന്മനസ് കാണിക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * * *